LIBRARY ARCHIVES Kerala Legislative Assembly

പുനരധിവാസ വകുപ്പിനായി നീക്കിവച്ച തുക

202 (6907) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ സംസ്ഥാനത്ത് പുനരധിവാസ വകുപ്പിനായി ഓരോ സാമ്പത്തിക വർഷവും എന്തു തുക നീക്കിവെച്ചെന്ന് വിശദമാക്കാമോ ;

(ബി) നീക്കിവെച്ച തുകയിൽ ഓരോവർഷവും എന്തു തുക വീതം ഏതെല്ലാം പദ്ധതികൾക്കായി ചെലവഴിച്ചെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും എത്രപേരെ വീതം പുനരധിവസിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) പുനരധിവാസത്തിനായി പ്രത്യേക വകുപ്പ് തൊഴിലും പുനരധിവാസവും വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ശ്രീലങ്കൻ റീപ്പാട്രിയേറ്റുകളെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിൽ, ശ്രീലങ്കയിൽനിന്ന് റീപ്പാട്രിയേറ്റ് ചെയ്യപ്പെട്ട ഇന്ത്യൻ വംശജരായ 700 കുടുംബങ്ങളെ കുടുംബത്തിൽ രണ്ടുപേർക്ക് വീതം പ്രസ്തുത സ്ഥാപനത്തിൽ ജോലി നൽകി പുനരധിവസിപ്പിച്ചിട്ടുണ്ട്. ഇതിനായി സർക്കാരിൽനിന്ന് തുകയൊന്നും നീക്കിവച്ചിട്ടില്ല.

സംസ്ഥാന തൊഴിൽ വകുപ്പിൽ, ഭവനം ഫൗണ്ടേഷൻ എന്ന സ്ഥാപനം അനുവദിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. പദ്ധതിയുടെ രൂപരേഖ, സ്ഥലം കണ്ടെത്തൽ, നടത്തിപ്പ് എന്നിവ പ്രാരംഭദശയിലാണ്.

ഫാക്ടറി തൊഴിലാളികളുടെ വേരിയബിൾ ക്ഷാമബത്ത

203 (6908) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര കമ്പനി, ഫാക്ടറി തൊഴിലാളികളുണ്ട് ;

(ബി) ഇവർക്ക് ഇപ്പോൾ നൽകുന്ന വേരിയബിൾ ക്ഷാമബത്ത ഏത് വർഷം അടിസ്ഥാനമാക്കിയാണ് കണക്കാക്കുന്നത് ;

(സി) വേരിയബിൾ ക്ഷാമബത്ത 2010-11 വർഷം അടിസ്ഥാനമാക്കി പുനർനിർണ്ണയിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ ;

(ഡി) പ്രസ്തുത നടപടികൾ പൂർത്തിയാക്കി തൊഴിലാളികൾക്ക് പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്ത എന്ന് ലഭ്യമാക്കും ?

ഉത്തരം

(എ) 6,45,013.

(ബി) 1998-99 വർഷം അടിസ്ഥാനമാക്കിയാണ്.

(സി&ഡി) കാർഷിക വ്യാവസായിക തൊഴിലാളികളുടെ വേരിയബിൾ ക്ഷാമബത്ത നിർണ്ണയിക്കുന്നതിന് 2011-12 അടിസ്ഥാന വർഷമായി സ്വീകരിച്ചു കൊണ്ട് ഉപഭോക്തൃവില സൂചിക തയ്യാറാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തി റിപ്പോർട്ട് നൽകുന്നതിന് സ്ഥിതിവിവരക്കണക്ക് വകുപ്പിനെ ചുമതലപ്പെടുത്തുകയും വകുപ്പ് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്ത നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പെരുമ്പാവൂരിൽ പുതിയ ഇ.എസ്.ഐ. ആശുപത്രി

204 (6909) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ പെരുമ്പാവൂരിൽ പുതിയ ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ ; എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത് ; ആശുപത്രിക്കുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ആശുപത്രി ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) പെരുമ്പാവൂരിൽ 100 കിടക്കകളുള്ള ആശുപത്രി ആരംഭിക്കാൻ ഇ.എസ്.ഐ. കോർപ്പറേഷൻ അനുവാദം നൽകിയിട്ടുണ്ട്. ഇതിനായി തുക അനുവദിച്ചിട്ടുള്ളതായി സർക്കാരിന് അറിയിപ്പ് ലഭിച്ചിട്ടില്ല. പ്രവർത്തനം നിലച്ച ട്രാവൻകൂർ റയോൺസ് സ്ഥിതി ചെയ്യുന്നിടത്തുനിന്ന് 5 ഏക്കർ സ്ഥലം വിട്ടുനൽകാൻ ആവശ്യപ്പെട്ട് വ്യവസായ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

205 (†6910) ശ്രീ. സി. ദിവാകരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ട് ; ജില്ല തിരിച്ച കണക്ക് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഈ പദ്ധതിയിൻകീഴിൽ എത്ര പേർക്ക് ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

† മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly